# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2017 മാർച്ച് 16, വ്യാഴം

**നമ്പർ 57**

രാവിലെ 8.30 ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്നെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

അടിയന്തരപ്രമേയം:

സംസ്ഥാന വിജിലൻസ് ഡയറക്ടർക്കെതിരെ അഴിമതിയും അനധികൃത സ്വത്തു സമ്പാദനവും സംബന്ധിച്ച ആരോപണങ്ങൾ ഉയർന്നു വരുന്നതായി പറയപ്പെടുന്ന ഗുരുതരമായ സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. എം. വിൻസന്റും മറ്റ് രണ്ട് അംഗങ്ങളും ചേർന്ന് ഒരു അടിയന്തര പ്രമേയത്തിന് നോട്ടീസ് നൽകിയിരുന്നു. മുഖ്യമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തര പ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു

ഇക്കാര്യത്തിൽ സർക്കാർ സ്വീകരിച്ച നിലപാടിൽ പ്രതിഷേധിച്ച് ബി.ജെ.പി. ഒഴികെയുള്ള പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.

ശ്രദ്ധ ക്ഷണിക്കൽ :

(1) മരുന്നുകളുടെ ജനറിക് നാമം മാത്രം നിർദ്ദേശിക്കുന്നത് നിർബന്ധമാക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. ഇ. കെ. വിജയൻ ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പ് മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

(2) കുത്താട്ടുകളത്തെ നിർദ്ദിഷ്ട രജിസ്ട്രേഷൻ കോംപ്ലക്സിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. അനൂപ് ജേക്കബ് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

KNPP. 685/2017(i).

## ചട്ടം 304 പ്രകാരം അംഗങ്ങൾ ഉന്നയിച്ച വിഷയങ്ങൾ

ചട്ടം 304 പ്രകാരം അംഗങ്ങൾ താഴെപ്പറയുന്ന വിഷയങ്ങൾ സഭയിൽ ഉന്നയിച്ചു :

| നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. രമേശ് ചെന്നിത്തല | കുണ്ടറ നാന്തിരിക്കലിൽ ബാലികയുടെ ആത്മഹത്യ | മുഖ്യമന്ത്രി |
| 2 | ശ്രീ. എസ്. രാജേന്ദ്രൻ | മൂന്നാറിൽ കെട്ടിട നിർമ്മാണത്തിനുള്ള തടസ്സങ്ങൾ | മുഖ്യമന്ത്രി |
| 3 | ശ്രീ. പി. ടി. തോമസ് | കാക്കനാട് തുതിയൂരിൽ പെൺകുട്ടിയെ കാണാതായത് | മുഖ്യമന്ത്രി |
| 4 | ശ്രീ.ജോൺ ഫെർണാണ്ടസ് | വേമ്പനാട് കായൽ വികസന അതോറിറ്റി രൂപീകരണം | മുഖ്യമന്ത്രി |
| 5 | ശ്രീ. എ. എൻ. ഷംസീർ | എം. ജി. യൂണിവേഴ്സിറ്റിയുടെ കോട്ടയം ക്യാമ്പസ്സിലെ അക്രമം | മുഖ്യമന്ത്രി |
| 6 | ശ്രീ. എ. എം. ആരിഫ് | പി. എസ്. സി. വഴി ജോലിക്ക് അപേക്ഷിക്കുന്നതിനുള്ള പ്രായപരിധി ഉയർത്തുന്നത് | മുഖ്യമന്ത്രി |
| 7 | ശ്രീ. എൽദോസ് കുന്നപ്പിള്ളി | സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി | മുഖ്യമന്ത്രി |
| 8 | ശ്രീ. ബി. സത്യൻ | കിളിമാനൂരിൽ ഇടിമിന്നലേറ്റ് മരണപ്പെട്ടവർക്ക് സഹായം | റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി |
| 9 | ശ്രീ. സി. കൃഷ്ണൻ | ഉപ്പുവെള്ള പ്രതിരോധ ബണ്ടുകളുടെ നിർമ്മാണം | ജലവിഭവ വകുപ്പ് മന്ത്രി |
| 10 | ശ്രീമതി വീണാ ജോർജ്ജ് | പെർമിറ്റ് ഇല്ലാതെ നടത്തുന്ന പ്രൈവറ്റ് ബസ്സ് സർവ്വീസ് | ഗതാഗത വകുപ്പ് മന്ത്രി |
| 11 | ശ്രീമതി പി. അയിഷാ പോറ്റി | കൊല്ലം ജില്ലയിലെ നിർമ്മാണ മേഖലയിലെ സ്തംഭനം | വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി |

| | | | |
|---|---|---|---|
| 12 | ശ്രീ. വി. കെ. സി. മമ്മത് കോയ | കളിമണ്ണിന്റെ ദൗർലഭ്യം | വ്യവസായവും സ്പോർട്സും യുവജന കാര്യവും വകുപ്പ് മന്ത്രി |
| 13 | ശ്രീ. വി. എസ്. ശിവകുമാർ | വിഴിഞ്ഞം തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതും പൂന്തുറ-വലിയതുറ തുറമുഖ നിർമ്മാണം ആരംഭിക്കുന്നതും | മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി |
| 14 | ശ്രീ. ആർ. രാമചന്ദ്രൻ | അടഞ്ഞു കിടക്കുന്ന സ്വകാര്യ കശുവണ്ടി ഫാക്ടറികൾ തുറക്കുന്നത് | മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി |
| 15 | ശ്രീ. എൻ. ഷംസുദ്ദീൻ | അട്ടപ്പാടി ആർട്സ് ആന്റ് സയൻസ് കോളേജിന്റെ കെട്ടിട നിർമ്മാണം | വിദ്യാഭ്യാസ വകുപ്പ് മന്ത്രി |
| 16 | ശ്രീ. എം. നൗഷാദ് | കൊല്ലം നഗരസഭയിലെ ശുചീകരണ തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നത് | തദ്ദേശസ്വയം ഭരണവും ന്യൂനപക്ഷവും വഖഫ്, ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി |
| 17 | ശ്രീ. പി. സി. ജോർജ് | കെ. എസ്. ഇ. ബി. യുടെ പ്രവർത്തനം | വൈദ്യുതി വകുപ്പ് മന്ത്രി |
| 18 | ശ്രീ. റോഷി അഗസ്റ്റിൻ | കെ. എസ്. ഇ. ബി. യിൽ കരാർ തൊഴിലാളി സംരക്ഷണ നിയമം നടപ്പാക്കുന്നത് | വൈദ്യുതി വകുപ്പ് മന്ത്രി |
| 19 | ശ്രീ. ബി. ഡി. ദേവസ്സി | ദേശിയപാത 47 ലെ ഇടപ്പള്ളി - മണ്ണുത്തി നാലുവരിപ്പാത നിർമ്മാണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി |

അതത് വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

ചട്ടങ്ങളുടെ ഭേദഗതി :

(1) 2016 ഒക്ടോബർ 5-ാം തീയതിയിലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 24/2016/പൊ.ഭ.വ. (എസ്. ആർ. ഒ. നമ്പർ 636/2016) മുഖേന പുറപ്പെടുവിച്ചിട്ടുള്ള കേരള സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസ് (സെക്കന്റ് അമന്റ്മെന്റ്) റൂൾസ്, 2016 ന് സർവ്വശ്രീ എൻ. ഷംസുദ്ദീൻ, വി. പി. സജീന്ദ്രൻ, വി. ഡി. സതീശൻ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ എന്നിവർ ഭേദഗതി അവതരിപ്പിച്ചു. മുഖ്യമന്ത്രിക്കു വേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി മറുപടി നൽകി. അതിനു ശേഷം അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു

(2) 2016 ഡിസംബർ 3-ാം തീയതിയിലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 199/2016/ജി.ഇ. ഡി. എൻ. (എസ്. ആർ. ഒ. നമ്പർ 752/2016) മുഖേന പുറപ്പെടുവിച്ചിട്ടുള്ള കേരള എഡ്യൂക്കേഷൻ (അമന്റ്മെന്റ്) റൂൾസ്, 2016-ന് ശ്രീ. പി. ഉബൈദുള്ള ഭേദഗതി അവതരിപ്പിച്ചു. വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

(3) 2016 ഡിസംബർ 3-ാം തീയതിയിലെ സർക്കാർ ഉത്തരവ് (കൈയെഴുത്ത്) നമ്പർ 22/2016/സാം. കാ. വ. (എസ്. ആർ. ഒ. നമ്പർ 767/2016) മുഖേന പുറപ്പെടുവിച്ചിട്ടുള്ള 2016 ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി (ഭേദഗതി) പദ്ധതിക്ക് ശ്രീ. വി. ഡി. സതീശനും ശ്രീ. ടി. വി. ഇബ്രാഹിം ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. സി. മമ്മൂട്ടിയും ഭേദഗതികൾ അവതരിപ്പിച്ചു. പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ മന്ത്രി മറുപടി നൽകി. അതിനു ശേഷം അവതരിപ്പിച്ച ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

(4) 2016 ഡിസംബർ 9-ാം തീയതിയിലെ സർക്കാർ ഉത്തരവ് (കൈയെഴുത്ത്) നമ്പർ 23/2016/സാം. കാ. വ. (എസ്. ആർ. ഒ. നമ്പർ 791/2016) മുഖേന പുറപ്പെടുവിച്ചിട്ടുള്ള 2016 ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി (ഭേദഗതി) ചട്ടങ്ങൾക്ക് പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ഭേദഗതികൾ അവതരിപ്പിച്ചു പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ മന്ത്രി മറുപടി നൽകി. അതിനു ശേഷം അവതരിപ്പിച്ച ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

(5) 2017 ജനുവരി 19-ാം തീയതിയിലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 3/2017/തൊഴിൽ (എസ്. ആർ. ഒ. നമ്പർ 44/2017) മുഖേന പുറപ്പെടുവിച്ചിട്ടുള്ള 2017-ലെ കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി (ഭേദഗതി) പദ്ധതിക്ക്

ശ്രീ. വി. ഡി. സതീശൻ ഭേദഗതി അവതരിപ്പിച്ചു. തൊഴിലും എക്സൈസും വകുപ്പ് മന്ത്രിക്ക് വേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി മറുപടി നൽകി. അതിനു ശേഷം അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

സ്പീക്കറുടെ റൂളിംഗ് :

സർക്കാർ നിർമ്മിക്കുന്ന ചട്ടങ്ങൾ പരിശോധനയ്ക്കായി കരട് രൂപത്തിൽ ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റി മുമ്പാകെ സമർപ്പിക്കണമെന്ന ചട്ടം പാലിക്കപ്പെടാതിരിക്കുന്നതിനെതിരെ ശ്രീ. മഞ്ഞളാംകുഴി അലി ഉന്നയിച്ച ക്രമപ്രശ്നത്തിന്മേൽ സ്പീക്കർ താഴെപ്പറയും പ്രകാരം റൂളിംഗ് നൽകി:

"നിയമസഭയുടെയോ പാർലമെന്റിന്റെയോ ഒരു ആക്ട് മൂലം ചട്ടങ്ങൾ ഉണ്ടാക്കാൻ ഗവൺമെന്റിന് അധികാരം ലഭ്യമാകുന്നതിന്റെ അടിസ്ഥാനത്തിൽ ചട്ടം നിർമ്മിക്കുന്ന അവസരങ്ങളിൽ അങ്ങനെയുള്ള ചട്ടങ്ങളെല്ലാം ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റി മുമ്പാകെ പരിശോധനയ്ക്കായി കരട് രൂപത്തിൽ വയ്ക്കേണ്ടതാണെന്ന് നിയമസഭാ നടപടി ചട്ടം 238-ൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. എന്നാൽ അടിയന്തര സന്ദർഭങ്ങളിൽ ചട്ടങ്ങൾ കരട് രൂപത്തിൽ സബ്ജക്ട് കമ്മിറ്റിയുടെ മുമ്പാകെ വയ്ക്കാതെ പുറപ്പെടുവിക്കാവുന്നതാണെന്നും അപ്രകാരം പുറപ്പെടുവിക്കുന്ന ചട്ടങ്ങൾ ആയതിനുള്ള കാര്യകാരണ സഹിതം വിജ്ഞാപനം കഴിഞ്ഞാലുടൻ തന്നെ സമിതിയുടെ സാധൂകരണത്തിനായി സമർപ്പിക്കേണ്ടതാണെന്നും പ്രസ്തുത ചട്ടത്തിന്റെ ക്ലിപ്ത നിബന്ധനയിൽ പറഞ്ഞിരിക്കുന്നു.

സർക്കാർ നിർമ്മിക്കുന്ന ചട്ടങ്ങൾ പരിശോധനയ്ക്കായി ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റികൾ മുമ്പാകെ കരട് രൂപത്തിൽ സമർപ്പിക്കുന്ന കാര്യത്തിൽ സർക്കാർ വകുപ്പുകൾ ബോധപൂർവ്വമോ അല്ലാതെയോ കാണിക്കുന്ന കുറ്റകരമായ അനാസ്ഥ സംബന്ധിച്ചാണ് ഉദാഹരണസഹിതം ശ്രീ. മഞ്ഞളാംകുഴി അലി തന്റെ ക്രമപ്രശ്നത്തിലൂടെ ഇവിടെ ഉന്നയിച്ചത്. ഇതു സംബന്ധിച്ച് ബന്ധപ്പെട്ട മന്ത്രിമാർ തങ്ങളുടെ വിശദീകരണവും നൽകുകയുണ്ടായി. പൊതുവിൽ ബഹുമാനപ്പെട്ട മന്ത്രിമാരും ബഹുമാനപ്പെട്ട അംഗങ്ങളും ഓർത്തിരിക്കേണ്ട ഒരു പ്രധാന വിഷയം ഇക്കാര്യത്തിൽ അടങ്ങിയിട്ടുണ്ടെന്ന് ചെയർ കരുതുന്നു.

സബോർഡിനേറ്റ് ലെജിസ്ലേഷൻ അഥവാ ഡെലിഗേറ്റഡ് ലെജിസ്ലേഷൻ എന്ന പ്രക്രിയയിൽ സർക്കാരിനുള്ള അധികാരത്തിന്മേൽ ലെജിസ്ലേച്ചറിനുള്ള നിയന്ത്രണ മെക്കാനിസം ഏറ്റവും ശക്തമായി നടപ്പാക്കിയിട്ടുള്ള അപൂർവ്വം ചില സംസ്ഥാന നിയമസഭകളിൽ ഒന്നാണ് കേരള നിയമസഭ എന്ന കാര്യത്തിൽ നമുക്ക് അഭിമാനിക്കാവുന്നതാണ്. 1980-ൽ സബ്ജക്ട് കമ്മിറ്റികൾ നിലവിൽ വന്നതോടുകൂടിയാണ് കേരള നിയമസഭ മാതൃകാപരമായ വ്യവസ്ഥകൾ ഉൾപ്പെടുത്തിക്കൊണ്ട് ഇത് പ്രാവർത്തികമാക്കിയത്. സർക്കാർ നിർമ്മിക്കുന്ന ചട്ടങ്ങൾ വിജ്ഞാപനത്തിനുശേഷം

യാന്ത്രികമായി ഒരു പോസ്റ്റ്മോർട്ടത്തിന് വിധേയമാക്കുക എന്ന സ്ഥിരം നടപടിക്രമത്തിൽനിന്നും വിഭിന്നമായി ചട്ടങ്ങൾ വിജ്ഞാപനം ചെയ്യുന്നതിനുമുമ്പുതന്നെ അതൊരു മുൻകൂർ ലെജിസ്ലേറ്റീവ് സ്ക്രൂട്ടിനിക്ക് വിധേയമാക്കണമെന്ന ആശയം പാർലമെന്ററി രംഗത്ത് പ്രയോഗത്തിൽ കൊണ്ടുവന്നത് കേവലം ഒരു നടപടിക്രമം എന്ന രൂപത്തിൽ മാത്രമല്ല, മറിച്ച് സർക്കാരിന്റെ നിയമനിർമ്മാണ നടപടിയിൽ തക്കസമയത്തുതന്നെ ലെജിസ്ലേച്ചറിന് ഫലപ്രദമായി ഇടപെടാൻ അവസരമൊരുക്കുന്ന മഹത്തായ ഒരു പാർലമെന്ററി ആശയം നടപ്പാക്കുക എന്ന ഉദ്ദേശ്യം കൂടി ഇതിനു പിന്നിൽ ഉണ്ടായിരുന്നു.

എന്നാൽ ദൗർഭാഗ്യകരമെന്നു പറയട്ടെ, സബ്ജക്ട് കമ്മിറ്റികളിൽ നിക്ഷിപ്തമായ ഈ ഉത്തരവാദിത്തം വേണ്ട രീതിയിൽ നിർവ്വഹിക്കുവാൻ സമിതികൾക്ക് അവസരം ലഭിക്കുന്നില്ല എന്ന ഒരു സാഹചര്യമാണ് ഇപ്പോൾ സംജാതമായിരിക്കുന്നത്. ഇക്കാര്യം സംബന്ധിച്ച സമീപകാല സ്ഥിതിവിവരക്കണക്കുകൾ പരിശോധിച്ചതിൽനിന്നും ഇക്കാര്യം വ്യക്തവുമാണ്. കാലതാമസത്തിനിടയാക്കുമെന്ന ഒരു ആശങ്ക ഉന്നയിച്ചു കൊണ്ടാണ് പലപ്പോഴും സബ്ജക്ട് കമ്മിറ്റികളെ അതിന്റെ മുൻകൂർ പരിശോധനയിൽനിന്നും ഒഴിവാക്കപ്പെടുന്നതെന്നാണ് ചെയർ മനസ്സിലാക്കുന്നത്. എക്സിക്യൂട്ടീവിന്റെ സബോർഡിനേറ്റ് ലെജിസ്ലേഷനുമേലുള്ള "ലെജിസ്ലേറ്റീവ് കൺട്രോൾ" എന്ന നിലയ്ക്ക് ഒരു കാരണവശാലും ഒഴിവാക്കാനോ ദുർബലപ്പെടുത്താനോ പാടില്ലാത്ത വ്യവസ്ഥകളാണ് കാലതാമസത്തിന്റെ പേരു പറഞ്ഞ് ഇപ്പോൾ തമസ്കരിക്കപ്പെട്ടു പോകുന്നത്. ഇത്തരം രീതികൾ ഒഴിവാക്കപ്പെടേണ്ടതാണെന്ന കാര്യത്തിൽ ഭിന്നാഭിപ്രായമില്ല. ഈ സാഹചര്യത്തിൽ, ഇനിമേൽ, സർക്കാർ നിർമ്മിക്കാനുദ്ദേശിക്കുന്ന എല്ലാ ഒറിജിനൽ ചട്ടങ്ങളും ഭേദഗതി ചട്ടങ്ങളും പരമാവധി കരട് രൂപത്തിൽതന്നെ ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെ പരിശോധനയ്ക്ക് സമർപ്പിക്കേണ്ടതാണെന്ന് ചെയർ റൂൾ ചെയ്യുന്നു.

അതുപോലെ ഓരോ സബ്ജക്ട് കമ്മിറ്റിയും ചട്ടപ്രകാരം ലഭ്യമായ അധികാര അവകാശങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് തങ്ങളുടെ കർത്തവ്യങ്ങൾ ജാഗ്രതയോടുകൂടി നിർവ്വഹിക്കണമെന്നും ചെയർ റൂൾ ചെയ്യുന്നു. കൃത്യമായ ഇടവേളകളിൽ യോഗങ്ങൾ ചേർന്നുകൊണ്ട് സമിതി മുമ്പാകെ ലഭ്യമായ ചട്ടങ്ങൾ സമയബന്ധിതമായി പരിശോധന നടത്തി ആവശ്യമായ ശിപാർശകൾ യഥാസമയം സർക്കാരിന് ലഭ്യമാക്കുന്ന കാര്യത്തിലും സമിതിയുടെ അധികാര അവകാശങ്ങൾ ഹനിക്കപ്പെടുന്നതായി ബോദ്ധ്യപ്പെടുന്ന സന്ദർഭങ്ങളിൽ അവസരോചിതമായി ഇടപെട്ടുകൊണ്ട് ബന്ധപ്പെട്ടവരിൽനിന്നും വിശദീകരണം ഉൾപ്പെടെയുള്ള കാര്യങ്ങൾ ആരാഞ്ഞുകൊണ്ട് ഇക്കാര്യത്തിൽ നിതാന്ത ജാഗ്രത പാലിക്കാൻ അതത് സമിതിയിലെ ബഹുമാനപ്പെട്ട അംഗങ്ങൾ ശ്രദ്ധിക്കണമെന്നും ചെയർ ഓർമ്മപ്പെടുത്തുന്നു."

<u>നിയമനിർമ്മാണകാര്യം</u> :

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും.

(1) 2016 ലെ വ്യവസായിക തർക്കങ്ങൾ (കേരള ഭേദഗതി) ബിൽ

തൊഴിലും എക്സൈസും വകുപ്പുമന്ത്രിക്കു വേണ്ടി പൊതു മരാമത്തും രജിസ്ട്രേഷനും വകുപ്പു മന്ത്രി ശ്രീ. ജി. സുധാകരൻ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2016-ലെ വ്യവസായിക തർക്കങ്ങൾ (കേരള ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിച്ചു. പ്രസ്തുത ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീമതി ഗീതാ ഗോപി ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. ചിറ്റയം ഗോപകുമാറും ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് മറ്റൊരു ഭേദഗതി ശ്രീ. എ. പി. അനിൽ കുമാറും അവതരിപ്പിച്ചു സംസാരിച്ചു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പു മന്ത്രിയുടെ മറുപടിക്കു ശേഷം അവതരിപ്പിച്ച ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു അതിനുശേഷം ബിൽ പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ ഐകകണ്ഠ്യേന പാസ്സാക്കുകയും ചെയ്തു.

പീഠിക

In the Preamble, delete the word "further"

ഒന്നാം വകുപ്പ്

In clause 1 (1) the figures "2016" shall be substituted with the figures "2017".

(2) 2016 ലെ ഏറ്റവും കുറഞ്ഞ കൂലി (കേരള ഭേദഗതി) ബിൽ

തൊഴിലും എക്സൈസും വകുപ്പുമന്ത്രിക്കു വേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരൻ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2016 ലെ ഏറ്റവും കുറഞ്ഞ കൂലി (കേരള ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിച്ചു. പ്രസ്തുത ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിന് വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയ ശ്രീ. വി. പി. സജീന്ദ്രൻ സംസാരിച്ചു. പ്രസ്തുത ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. മുരളി പെരുനെല്ലിയും ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. എം. ഉമ്മറും അവതരിപ്പിച്ചു സംസാരിച്ചു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രിയുടെ മറുപടിക്കു ശേഷം അവതരിപ്പിച്ച ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു അതിനുശേഷം ബിൽ പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ പാസ്സാക്കുകയും ചെയ്തു.

പീഠിക

In the Preamble, for the words “sixty seventh” substitute the words “sixty eighth”

ഒന്നാം വകുപ്പ്

In clause 1 (1) the figures "2016" shall be substituted with the figures "2017".

മൂന്നാം വകുപ്പ്

In clause 3, after the word and figures "section 22" the words "of the principal Act" shall be inserted.

നാലാം വകുപ്പ്

In section 22 A of the Principal Act proposed to be substituted by clause 4, after sub section (2), the following sub section shall be inserted.

"(3) Notwithstanding anything contained in section 29 of the Code of Criminal Procedure, 1973 (Central Act 2 of 1974), it shall be lawful for the Magistrate to impose a fine for an amount exceeding ten thousand rupees" .

(3) 2016 ലെ കേരള ഷോപ്പ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

തൊഴിലും എക്സൈസും വകുപ്പ മന്ത്രിക്ക വേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ മന്ത്രി ശ്രീ. ജി. സുധാകരൻ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2016-ലെ കേരള ഷോപ്പ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിച്ച സംസാരിച്ച പ്രസ്തുത ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഒരു ഭേദഗതി ശ്രീ. ഷാഫി പറമ്പിൽ ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. പി. ടി. തോമസും, ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കെടുക്കണമെന്ന മറ്റൊരു ഭേദഗതി പ്രൊഫ. കെ. യു. അരുണനും അവതരിപ്പിച്ച സംസാരിച്ച.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രിയുടെ മറുപടിക്ക ശേഷം അവതരിപ്പിച്ച ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ച അതിനുശേഷം ബിൽ പരിഗണനയ്ക്കെടുക്കകയും താഴെപ്പറയുന്ന ഭേദഗതികളോടെ പാസ്സാക്കകയും ചെയ്ത.

പീഠിക

പീഠികയിൽ "അറുപത്തിയേഴാം" എന്നത് "അറുപത്തിയെട്ടാം" എന്ന് മാറ്റുക.

ഒന്നാം വകുപ്പ്

ഖണ്ഡം 1 (1) ൽ "2016" എന്നത് "2017" എന്ന് മാറ്റുക.

(4) 2017-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ

പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ മന്ത്രി ശ്രീ. എ. കെ. ബാലൻ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2017-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കകയും ബിൽ പരിണനയ്ക്കെടുക്കകയും താഴെപ്പറയുന്ന ഭേദഗതിയോടെ ബിൽ പാസ്സാക്കകയും ചെയ്ത.

ഒന്നാം വകുപ്പ്

The clause 1 (2) shall be recast as follows:

(2) Section 3 shall be deemed to have come into force on the 20th day of June, 2016 and the remaining section shall come into force at once.

അവകാശ ലംഘന പ്രശ്നം

താഴെപ്പറയുന്ന അവകാശലംഘന നോട്ടീസുകൾ ചെയറിന്റെ പരിഗണനയിലാണെന്ന് സ്പീക്കർ അറിയിച്ചു.

(1) 13-3-2017-ൽ സ്പീക്കർ നിയമസഭയിൽ നൽകിയ റൂളിംഗിന്റെ പേരിൽ സ്പീക്കറെ ആക്ഷേപിച്ചുകൊണ്ടും അന്യായമായ പക്ഷപാതം ആരോപിച്ചുകൊണ്ടും നിയമസഭാ സ്പീക്കർ എന്ന പദവിയെ മനഃപൂർവ്വം ഇകഴ്ത്തുന്ന തരത്തിലും അവമതിപ്പ് ഉണ്ടാകുന്ന തരത്തിലുമുള്ള പരാമർശങ്ങൾ അന്നേ ദിവസം 8.30 മണിക്ക് മാതൃഭൂമി ചാനലിൽ സംപ്രേഷണം ചെയ്ത പരിപാടിയിൽ ഉള്ളതായി ആരോപിച്ചുകൊണ്ട് പ്രസ്തുത പരിപാടിയിൽ പങ്കെടുത്തവർക്കും മറ്റ് ബന്ധപ്പെട്ടവർക്കുമെതിരെ അവകാശ ലംഘന പ്രശ്നം ഉന്നയിക്കുന്നതിന് ശ്രീ. കെ. സുരേഷ് കുറുപ്പ് നൽകിയ നോട്ടീസ്.

(2) പതിനാലാം കേരള നിയമസഭയുടെ നടപ്പു സമ്മേളനത്തിലെ നക്ഷത്ര ചിഹ്നമിടാത്ത 1645-ാം നമ്പർ ചോദ്യത്തിന് നൽകിയ മറുപടി മനപ്പൂർവ്വം സഭയെ തെറ്റദ്ധരിപ്പിക്കുന്നതാണെന്ന് ആരോപിച്ചുകൊണ്ട് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രിക്കെതിരെ അവകാശ ലംഘന പ്രശ്നം ഉന്നയിക്കുവാൻ അനുമതി നൽകണമെന്ന് ആവശ്യപ്പെട്ട് ശ്രീ. പി. സി. ജോർജ്ജ് നൽകിയ നോട്ടീസ്.

പതിനാലാം കേരള നിയമസഭയുടെ നാലാം സമ്മേളനത്തെക്കുറിച്ച് സ്പീക്കർ ഹ്രസ്വമായ ഒരു അവലോകനം നടത്തി.

സഭാ നടപടികളുടെ അവസാനം ദേശീയഗാനം ആലപിക്കപ്പെട്ടു.

ഉച്ചയ്ക്കുശേഷം 2.38-ന് സഭ അനിശ്ചിത കാലത്തേക്ക് പിരിഞ്ഞു.

വി. കെ. ബാബുപ്രകാശ്,
*സെക്രട്ടറി.*

FOURTEENTH KERALA LEGISLATIVE ASSEMBLY

**Fourth Session**

# BULLETIN—PART I

(Brief Record of Proceedings)

*Thursday, March 16, 2017.*

**No. 57**

The Assembly met at 8.30 a.m. with Mr. Speaker in the Chair.

*Questions* :

Three questions in the list of questions posted for the day were answered orally.

*Adjournment Motion* :

After hearing the Chief Minister the Speaker withheld consent to the moving of an adjournment motion given notice of by Shri M. Vincent and two other Members regarding the serious situation reported to have arisen consequent on the allegations of corruption and illegal acquisition of assets against the State Vigilance Director.

In protest against the attitude of the Government in the matter the Members belonging to opposition except BJP staged a walkout.

*Calling Attention* :

(1) Shri E. K. Vijayan called the attention of the Minister for Health and Social Justice to the necessity to make it mandatory to prescribe only generic names of medicines. The Minister for Education on behalf of Minister for Health and Social Justice made a statement thereto.

(2) Shri Anoop Jacob called the attention of the Minister for Public Works and Registration to the necessity to commence the construction of the proposed Registration Complex at Koothattukulam. The Minister made a statement thereto.

KNPP. 685/2017(ii).

The matters raised by Members Under Rule 304.

*The following matters were raised by Members in the House under Rule 304:*

| നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. രമേശ് ചെന്നിത്തല | കുണ്ടറ നാന്തിരിക്കലിൽ ബാലികയുടെ ആത്മഹത്യ | മുഖ്യമന്ത്രി |
| 2 | ശ്രീ. എസ്. രാജേന്ദ്രൻ | മൂന്നാറിൽ കെട്ടിട നിർമ്മാണത്തിനുള്ള തടസ്സങ്ങൾ | മുഖ്യമന്ത്രി |
| 3 | ശ്രീ. പി. ടി. തോമസ് | കാക്കനാട് തുതിയൂരിൽ പെൺകുട്ടിയെ കാണാതായത് | മുഖ്യമന്ത്രി |
| 4 | ശ്രീ. ജോൺ ഫെർണാണ്ടസ് | വേമ്പനാട് കായൽ വികസന അതോറിറ്റി രൂപീകരണം | മുഖ്യമന്ത്രി |
| 5 | ശ്രീ. എ. എൻ. ഷംസീർ | എം. ജി. യൂണിവേഴ്സിറ്റിയുടെ കോട്ടയം ക്യാമ്പസ്സിലെ അക്രമം | മുഖ്യമന്ത്രി |
| 6 | ശ്രീ. എ. എം. ആരിഫ് | പി. എസ്. സി. വഴി ജോലിക്ക് അപേക്ഷിക്കുന്നതിനുള്ള പ്രായപരിധി ഉയർത്തുന്നത് | മുഖ്യമന്ത്രി |
| 7 | ശ്രീ. എൽദോസ് കുന്നപ്പിള്ളി | സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി | മുഖ്യമന്ത്രി |
| 8 | ശ്രീ. ബി. സത്യൻ | കിളിമാനൂരിൽ ഇടിമിന്നലേറ്റ് മരണപ്പെട്ടവർക്ക് സഹായം | റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി |
| 9 | ശ്രീ. സി. കൃഷ്ണൻ | ഉപ്പുവെള്ള പ്രതിരോധ ബണ്ടുകളുടെ നിർമ്മാണം | ജലവിഭവ വകുപ്പുമന്ത്രി |
| 10 | ശ്രീമതി വീണാ ജോർജ്ജ് | പെർമിറ്റ് ഇല്ലാതെ നടത്തുന്ന പ്രൈവറ്റ് ബസ്സ് സർവ്വീസ് | ഗതാഗത വകുപ്പുമന്ത്രി |
| 11 | ശ്രീമതി പി. അയിഷാ പോറ്റി | കൊല്ലം ജില്ലയിലെ നിർമ്മാണ മേഖലയിലെ സ്തംഭനം | വ്യവസായവും സ്പോർട്സും യുവജന കാര്യവും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 12 | ശ്രീ. വി. കെ. സി. മമ്മത് കോയ | കളിമണ്ണിന്റെ ദൗർലഭ്യം | വ്യവസായവും സ്പോർട്സും യുവജന കാര്യവും വകുപ്പുമന്ത്രി |
| 13 | ശ്രീ. വി. എസ്. ശിവകുമാർ | വിഴിഞ്ഞം തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതും പൂന്തുറ-വലിയതുറ തുറമുഖ നിർമ്മാണം ആരംഭിക്കുന്നതും | മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി |
| 14 | ശ്രീ. ആർ. രാമചന്ദ്രൻ | അടഞ്ഞു കിടക്കുന്ന സ്വകാര്യ കശുവണ്ടി ഫാക്ടറികൾ തുറക്കുന്നത് | മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി |
| 15 | ശ്രീ. എൻ. ഷംസുദ്ദീൻ | അട്ടപ്പാടി ആർട്സ് ആന്റ് സയൻസ് കോളേജിന്റെ കെട്ടിട നിർമ്മാണം | വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| 16 | ശ്രീ. എം. നൗഷാദ് | കൊല്ലം നഗരസഭയിലെ ശുചീകരണ തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നത് | തദ്ദേശ സ്വയം ഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ്, ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി |
| 17 | ശ്രീ. പി. സി. ജോർജ് | കെ. എസ്. ഇ. ബി. യുടെ പ്രവർത്തനം | വൈദ്യുതി വകുപ്പുമന്ത്രി |
| 18 | ശ്രീ. റോഷി അഗസ്റ്റിൻ | കെ. എസ്. ഇ. ബി. യിൽ കരാർ തൊഴിലാളി സംരക്ഷണ നിയമം നടപ്പാക്കുന്നത് | വൈദ്യുതി വകുപ്പുമന്ത്രി |
| 19 | ശ്രീ. ബി. ഡി. ദേവസ്സി | ദേശീയപാത 47-ലെ ഇടപ്പള്ളി - മണ്ണുത്തി നാലുവരിപ്പാത നിർമ്മാണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |

The Ministers concerned made statements on the respective subjects.

*Amendments to Rules* :

(1) Shri N. Samsudheen, Shri V. P. Sajeendran, Shri V. D. Satheesan and Prof. Abid Hussain Thangal moved an amendment to the Kerala Secretariat Subordinate Service (Second Amendment) Rules, 2016 issued in G.O. (P) No. 24/2016 GAD dated 5-10-2016. (S.R.O. No. 636/2016). Shri A. K. Balan, Minister for Welfare of Scheduled Castes, Scheduled Tribes, Backward Classes, Law, Culture, and Parliamentary Affairs on behalf of Chief Minister replied to the points raised. Then the amendment moved was withdrawn by the leave of the House.

(2) Shri P. Ubaidulla moved an amendment to the Kerala Education (Amendment) Rules, 2016 issued in G.O.(P) No. 199/2016/G.Edn., dated 3-12-2016 (S.R.O. No. 752/2016). The Minister of Education replied to the points raised. Then the amendment moved was withdrawn by the leave of the House.

(3) Shri V. D. Satheesan and Shri C. Mammutty as authorised by Shri T. V. Ibrahim moved amendments to the Kerala Cultural Activists Welfare Fund (Amendment) Scheme, 2016 issued in G.O.(Ms.) No. 22/2016/C.A.D dated 3-12-2016 (S.R.O. No. 767/2016). After the reply by the Minister for Welfare of Scheduled Castes, Scheduled Tribes, Backward Classes, Law, Culture and Parliamentary Affairs the amendments moved were withdrawn by the leave of the House.

(4) Prof. Abid Hussain Thangal moved amendments to the Kerala Cultural Activists Welfare Fund (Amendment) Rules, 2016 issued in G.O.(Ms.) No. 23/2016/C.A.D dated 9-12-2016 (S.R.O No. 791/2016). After the reply by the Minister for Welfare of Scheduled Castes, Scheduled Tribes, Backward Classes, Law, Culture and Parliamentary Affairs the amendments moved were withdrawn by the leave of the House.

(5) Shri V. D. Satheesan moved an amendment to the Kerala Abkari Workers Welfare Fund (Amendments) Scheme, 2017 issued in G.O.(P) No. 3/2017/Labour dated 19-1-2017 (S.R.O No. 44/2017). After reply by the Minister for Public works and Registration, on behalf of Minister for Labour and Excise, the amendment moved was withdrawn by the leave of the House.

*Ruling by the Speaker* :

The Speaker gave the following ruling on the point of order raised by Shri Manjalamkuzhi Ali regarding non-observance of the rule that the Rules framed by the Government should be submitted in draft form to the concerned Subject Committee for scrutiny.

"നിയമസഭയുടെയോ പാർലമെന്റിന്റെയോ ഒരു ആക്ട് മൂലം ചട്ടങ്ങൾ ഉണ്ടാക്കാൻ ഗവൺമെന്റിന് അധികാരം ലഭ്യമാകുന്നതിന്റെ അടിസ്ഥാനത്തിൽ ചട്ടം നിർമ്മിക്കുന്ന അവസരങ്ങളിൽ അങ്ങനെയുള്ള ചട്ടങ്ങളെല്ലാം ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റി മുമ്പാകെ പരിശോധനയ്ക്കായി കരട് രൂപത്തിൽ വയ്ക്കേണ്ടതാണെന്ന് നിയമസഭാ നടപടി ചട്ടം 238-ൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. എന്നാൽ അടിയന്തര സന്ദർഭങ്ങളിൽ ചട്ടങ്ങൾ കരട് രൂപത്തിൽ സബ്ജക്ട് കമ്മിറ്റിയുടെ മുമ്പാകെ വയ്ക്കാതെ പുറപ്പെടുവിക്കാവുന്നതാണെന്നും അപ്രകാരം പുറപ്പെടുവിക്കുന്ന ചട്ടങ്ങൾ ആയതിനുള്ള കാര്യകാരണ സഹിതം വിജ്ഞാപനം കഴിഞ്ഞാലുടൻ തന്നെ സമിതിയുടെ സാധൂകരണത്തിനായി സമർപ്പിക്കേണ്ടതാണെന്നും പ്രസ്തുത ചട്ടത്തിന്റെ ക്ലിപ്ത നിബന്ധനയിൽ പറഞ്ഞിരിക്കുന്നു.

സർക്കാർ നിർമ്മിക്കുന്ന ചട്ടങ്ങൾ പരിശോധനയ്ക്കായി ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റികൾ മുമ്പാകെ കരട് രൂപത്തിൽ സമർപ്പിക്കുന്ന കാര്യത്തിൽ സർക്കാർ വകുപ്പുകൾ ബോധപൂർവ്വമോ അല്ലാതെയോ കാണിക്കുന്ന കുറ്റകരമായ അനാസ്ഥ സംബന്ധിച്ചാണ് ഉദാഹരണസഹിതം ശ്രീ. മഞ്ഞളാംകുഴി അലി തന്റെ ക്രമപ്രശ്നത്തിലൂടെ ഇവിടെ ഉന്നയിച്ചത്. ഇതു സംബന്ധിച്ച് ബന്ധപ്പെട്ട മന്ത്രിമാർ തങ്ങളുടെ വിശദീകരണവും നൽകുകയുണ്ടായി. പൊതുവിൽ ബഹുമാനപ്പെട്ട മന്ത്രിമാരും ബഹുമാനപ്പെട്ട അംഗങ്ങളും ഓർത്തിരിക്കേണ്ട ഒരു പ്രധാന വിഷയം ഇക്കാര്യത്തിൽ അടങ്ങിയിട്ടുണ്ടെന്ന് ചെയർ കരുതുന്നു.

സബോർഡിനേറ്റ് ലെജിസ്ലേഷൻ അഥവാ ഡെലിഗേറ്റഡ് ലെജിസ്ലേഷൻ എന്ന പ്രക്രിയയിൽ സർക്കാരിനുള്ള അധികാരത്തിന്മേൽ ലെജിസ്ലേച്ചറിനുള്ള നിയന്ത്രണ മെക്കാനിസം ഏറ്റവും ശക്തമായി നടപ്പാക്കിയിട്ടുള്ള അപൂർവ്വം ചില സംസ്ഥാന നിയമസഭകളിൽ ഒന്നാണ് കേരള നിയമസഭ എന്ന കാര്യത്തിൽ നമുക്ക് അഭിമാനിക്കാവുന്നതാണ്. 1980-ൽ സബ്ജക്ട് കമ്മിറ്റികൾ നിലവിൽ വന്നതോടുകൂടിയാണ് കേരള നിയമസഭ മാതൃകാപരമായ വ്യവസ്ഥകൾ ഉൾപ്പെടുത്തിക്കൊണ്ട് ഇത് പ്രാവർത്തികമാക്കിയത്. സർക്കാർ നിർമ്മിക്കുന്ന ചട്ടങ്ങൾ വിജ്ഞാപനത്തിനുശേഷം യാന്ത്രികമായി ഒരു പോസ്റ്റ്മോർട്ടത്തിന് വിധേയമാക്കുക എന്ന സ്ഥിരം നടപടിക്രമത്തിൽനിന്നും വിഭിന്നമായി ചട്ടങ്ങൾ വിജ്ഞാപനം ചെയ്യുന്നതിനുമുമ്പുതന്നെ അതൊരു മുൻകൂർ ലെജിസ്ലേറ്റീവ് സ്ക്രൂട്ടിനിക്ക്

വിധേയമാക്കണമെന്ന ആശയം പാർലമെന്ററി രംഗത്ത് പ്രയോഗത്തിൽ കൊണ്ടുവന്നത് കേവലം ഒരു നടപടിക്രമം എന്ന രൂപത്തിൽ മാത്രമല്ല, മറിച്ച് സർക്കാരിന്റെ നിയമനിർമ്മാണ നടപടിയിൽ തക്കസമയത്തുതന്നെ ലെജിസ്ലേച്ചറിന് ഫലപ്രദമായി ഇടപെടാൻ അവസരമൊരുക്കുന്ന മഹത്തായ ഒരു പാർലമെന്ററി ആശയം നടപ്പാക്കുക എന്ന ഉദ്ദേശ്യം കൂടി ഇതിന് പിന്നിൽ ഉണ്ടായിരുന്നു.

എന്നാൽ ദൗർഭാഗ്യകരമെന്നു പറയട്ടെ, സബ്ജക്ട് കമ്മിറ്റികളിൽ നിക്ഷിപ്തമായ ഈ ഉത്തരവാദിത്വം വേണ്ട രീതിയിൽ നിർവ്വഹിക്കുവാൻ സമിതികൾക്ക് അവസരം ലഭിക്കുന്നില്ല എന്ന ഒരു സാഹചര്യമാണ് ഇപ്പോൾ സംജാതമായിരിക്കുന്നത്. ഇക്കാര്യം സംബന്ധിച്ച സമീപകാല സ്ഥിതിവിവരക്കണക്കുകൾ പരിശോധിച്ചതിൽനിന്നും ഇക്കാര്യം വ്യക്തവുമാണ്. കാലതാമസത്തിനിടയാക്കുമെന്ന ഒരു ആശങ്ക ഉന്നയിച്ചു കൊണ്ടാണ് പലപ്പോഴും സബ്ജക്ട് കമ്മിറ്റികളെ അതിന്റെ മുൻകൂർ പരിശോധനയിൽനിന്നും ഒഴിവാക്കപ്പെടുന്നതെന്നാണ് ചെയർ മനസ്സിലാക്കുന്നത്. എക്സിക്യൂട്ടീവിന്റെ സബോർഡിനേറ്റ് ലെജിസ്ലേഷനുമേലുള്ള "ലെജിസ്ലേറ്റീവ് കൺട്രോൾ" എന്ന നിലയ്ക്ക് ഒരു കാരണവശാലും ഒഴിവാക്കാനോ ദുർബലപ്പെടുത്താനോ പാടില്ലാത്ത വ്യവസ്ഥകളാണ് കാലതാമസത്തിന്റെ പേരു പറഞ്ഞ് ഇപ്പോൾ തമസ്കരിക്കപ്പെട്ടു പോകുന്നത്. ഇത്തരം രീതികൾ ഒഴിവാക്കപ്പെടേണ്ടതാണെന്ന കാര്യത്തിൽ ഭിന്നാഭിപ്രായമില്ല. ഈ സാഹചര്യത്തിൽ, ഇനിമേൽ, സർക്കാർ നിർമ്മിക്കാനുദ്ദേശിക്കുന്ന എല്ലാ ഒറിജിനൽ ചട്ടങ്ങളും ഭേദഗതി ചട്ടങ്ങളും പരമാവധി കരട് രൂപത്തിൽതന്നെ ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെ പരിശോധനയ്ക്ക് സമർപ്പിക്കേണ്ടതാണെന്ന് ചെയർ റൂൾ ചെയ്യുന്നു.

അതുപോലെ ഓരോ സബ്ജക്ട് കമ്മിറ്റിയും ചട്ടപ്രകാരം ലഭ്യമായ അധികാര അവകാശങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് തങ്ങളുടെ കർത്തവ്യങ്ങൾ ജാഗ്രതയോടുകൂടി നിർവ്വഹിക്കണമെന്നും ചെയർ റൂൾ ചെയ്യുന്നു. കൃത്യമായ ഇടവേളകളിൽ യോഗങ്ങൾ ചേർന്നുകൊണ്ട് സമിതി മുമ്പാകെ ലഭ്യമായ ചട്ടങ്ങൾ സമയബന്ധിതമായി പരിശോധന നടത്തി ആവശ്യമായ ശിപാർശകൾ യഥാസമയം സർക്കാരിന് ലഭ്യമാക്കുന്ന കാര്യത്തിലും സമിതിയുടെ അധികാര അവകാശങ്ങൾ ഹനിക്കപ്പെടുന്നതായി ബോദ്ധ്യപ്പെടുന്ന സന്ദർഭങ്ങളിൽ അവസരോചിതമായി ഇടപ്പെട്ടുകൊണ്ട് ബന്ധപ്പെട്ടവരിൽനിന്നും വിശദീകരണം ഉൾപ്പെടെയുള്ള കാര്യങ്ങൾ ആരാഞ്ഞുകൊണ്ട് ഇക്കാര്യത്തിൽ നിതാന്ത ജാഗ്രത പാലിക്കാൻ അതത് സമിതിയിലെ ബഹുമാനപ്പെട്ട അംഗങ്ങൾ ശ്രദ്ധിക്കണമെന്നും ചെയർ ഓർമ്മപ്പെടുത്തുന്നു."

*Legislative Business* :

Motion for consideration and further stages of the following Bills as reported by the Subject Committee.

(i) *The Industrial Disputes (Kerala Amendment) Bill, 2016.*

Shri G. Sudhakaran, Minister for Public Works and Registration on behâlf of the Minister for Labour and Excise moved the motion that the Industrial Disputes Kerala (Amendment) Bill, 2016, as reported by the Subject Committee, be taken up for consideration. Shri Chittayam Gopakumar, as authorised by Smt. Geetha Gopi, moved an amendment to circulate the bill for eliciting public opinion and Shri A. P. Anilkumar moved another amendment to recommit the Bill to the same Subject Committee and spoke. After the reply by the Minister for Public Works and Registration the amendments moved were withdrawn by the leave of the House. Then the Bill was considered and was unanimously passed subject to the following amendments.

<u>പീഠിക</u>

In the Preamble, delete the word "further"

<u>ഒന്നാം വകുപ്പ്</u>

In clause 1 (1) the figures "2016" shall be substituted with the figures "2017".

(ii) *The Minimum Wages (Kerala Amendment) Bill, 2016.*

Shri G. Sudhakaran, Minister for Public Works and Registration on behalf of the Minister for Labour and Excise, moved the motion that the Minimum Wages (Kerala Amendment) Bill, 2016, as reported by the Subject Committee be taken up for consideration. Shri V. P. Sajeendran who had recorded dissent to the Subject Committee Report also spoke. Shri Murali Perunelli moved an amendment to circulate the Bill for eliciting public opinion and Shri M. Ummer as authorised by Shri V. K. Ibrahim Kunju, moved another amendment to recommit the Bill to the same Subject Committee and spoke. After the reply by the Minister the amendments moved were withdrawn by the leave of the House. Then the Bill was considered and was passed subject to the following amendments.

<u>Preamble</u>

In the Preamble, for the words "sixty seventh" substitute the words "sixty eighth".

ഒന്നാം വകുപ്പ്

In clause 1 (1) the figures "2016" shall be substituted with the figures "2017".

മൂന്നാം വകുപ്പ്

In clause 3, after the word and figures "section 22" the words "of the principal Act" shall be inserted.

നാലാം വകുപ്പ്

In section 22 A of the Principal Act proposed to be substituted by clause 4, after sub section (2), the following sub section shall be inserted.

"(3) Notwithstanding anything contained in section 29 of the Code of Criminal Procedure, 1973 (Central Act 2 of 1974), it shall be lawful for the Magistrate to impose a fine for an amount exceeding ten thousand rupees".

*(iii) The Kerala Shops and Commercial Establishments Workers' Welfare Fund (Amendment) Bill, 2016.*

Shri G. Sudhakaran Minister for Public Works and Registration on behalf of Minister for Labour and Excise moved that the Kerala Shops and Commercial Establishments Workers' Welfare Fund Bill, 2016 as reported by the Subject Committee be taken up for consideration and spoke. Shri P. T. Thomas, as authorised by Shri Shafi Parambil, moved an amendment to circulate the Bill for eliciting public opinion and Prof. K.U. Arunan, moved another amendment to recommit the Bill to the same Subject Committee and spoke. After the reply by the Minister the amendments moved were withdrawn by the leave of the House. Then the Bill was taken up for consideration and passed subject to the following amendments.

പീഠിക

പീഠികയിൽ "അറുപത്തിയേഴാം" എന്നത് "അറുപത്തിയെട്ടാം" എന്ന് മാറ്റുക.

ഒന്നാം വകുപ്പ്

ഖണ്ഡം 1 (1)-ൽ "2016" എന്നത് "2017" എന്ന് മാറ്റുക.

*(iv) The Payment of Salaries and Allowance (Amendment) Bill, 2017.*

Shri A. K. Balan, Minister for Welfare of Scheduled Castes, Scheduled Tribes, Backward Classes, Law, Culture and Parliamentary Affairs moved that the Payment of Salaries and Allowances (Amendment) Bill, 2017 as reported by the Subject Committee be taken up for consideration. The Bill was considered and passed unanimously subject to the following amendment.

<u>ഒന്നാം വകുപ്പ്</u>

The clause 1(2) shall be recast as follows:

(2) Section 3 shall be deemed to have come into force on the 20th day of June, 2016 and the remaining section shall come into force at once.

*Question of Breach of Privilege* :

The Speaker informed that the following notices of question of breach of privilege were under the consideration of the Chair.

(1) 13-3-2017-ൽ സ്പീക്കർ നിയമസഭയിൽ നൽകിയ റൂളിംഗിന്റെ പേരിൽ സ്പീക്കറെ ആക്ഷേപിച്ചുകൊണ്ടും അന്യായമായ പക്ഷപാതം ആരോപിച്ചുകൊണ്ടും നിയമസഭാ സ്പീക്കർ എന്ന പദവിയെ മനഃപൂർവ്വം ഇകഴ്ത്തുന്ന തരത്തിലും അവമതിപ്പ് ഉണ്ടാകുന്ന തരത്തിലുമുള്ള പരാമർശങ്ങൾ അന്നേ ദിവസം 8.30 മണിക്ക് മാതൃഭൂമി ചാനലിൽ സംപ്രേഷണം ചെയ്ത പരിപാടിയിൽ ഉള്ളതായി ആരോപിച്ചുകൊണ്ട് പ്രസ്തുത പരിപാടിയിൽ പങ്കെടുത്തവർക്കും മറ്റ് ബന്ധപ്പെട്ടവർക്കുമെതിരെ അവകാശ ലംഘന പ്രശ്നം ഉന്നയിക്കുന്നതിന് ശ്രീ. കെ. സുരേഷ് കുറുപ്പ് നൽകിയ നോട്ടീസ്.

(2) പതിനാലാം കേരള നിയമസഭയുടെ നടപ്പു സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത 1645-ാം നമ്പർ ചോദ്യത്തിന് നൽകിയ മറുപടി മനഃപൂർവ്വം സഭയെ തെറ്റിദ്ധരിപ്പിക്കുന്നതാണെന്ന് ആരോപിച്ചുകൊണ്ട് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രിയ്ക്കെതിരെ അവകാശ ലംഘന പ്രശ്നം ഉന്നയിക്കുവാൻ അനുമതി നൽകണമെന്ന് ആവശ്യപ്പെട്ട് ശ്രീ. പി. സി. ജോർജ് നൽകിയ നോട്ടീസ്.

The Speaker made a brief review of the Fourth Session of the Fourteenth Kerala Legislative Assembly.

National Anthem was sung.

The House adjourned sine die at 2. 38 p.m.

V. K. BABU PRAKASH,
*Secretary.*